പടിഞ്ഞാറെ കല്ലട സ്കീം.

*506 (എ) [44] ശ്രീ. കെ. എസ്. കൃഷ്ണൻശാസ്ത്രി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) "പടിഞ്ഞാറേ കല്ലട സ്കീം" എന്ന് 1951-ൽ ഒരു സ്കീം എർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ പദ്ധതിയുടെ ഉദ്ദേശമെന്താണ് ;

(സി) ഈ പദ്ധതിയനുസരിച്ച് എന്തെല്ലാം പ്രവർത്തനത്തിലായിട്ടുണ്ട് ;

(ഡി) ബാക്കി പ്രവർത്തനങ്ങളെപ്പറ്റി പൊതുജനങ്ങളിൽ നിന്നോ വല്ല സംഘടനകളിൽ നിന്നോ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) "പടിഞ്ഞാറെ കല്ലട സ്കീം" എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കിയിട്ടില്ല.

ബി., സി., ഡി. ചോദ്യങ്ങൾ ഉദിക്കുന്നില്ല.

വനവർക്കാരുടെ ഉദ്ധാരണ നടപടികൾ.

* 507. [46] ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സജീവമായ ഒരു പ്ലാനും പരിപാടിയുമനുസരിച്ച് വനവർക്കാരുടെ ഉദ്ധാരണ നടപടികൾ ത്വരിതപ്പെടുത്തുവാൻ ഗവണ്മെൻറ് ആലോചിക്കുന്നുണ്ടോ ;

(ബി) ഇതിലേയ്ക്ക് ഇപ്പോൾ എന്തെങ്കിലും പദ്ധതിയുണ്ടോ ;

(സി) ഇവരുടെ ശരിയായ ഒരു സെൻസസ് ഉണ്ടോ ;

(ഡി) ധനപരമായി ഇപ്പോൾ നൽകുന്ന സംഖ്യയെന്താണ് ;

(ഈ) വനംകൂടികളുടെ കേന്ദ്രങ്ങളിൽ ഇതരൻ പ്രവേശിച്ച് പലവിധ ശല്യങ്ങളും ചെയ്യുന്നതായി പരാതികളില്ലേ ;

(എഫ്) ഇതിനെല്ലാം ഉപപ്പോറിയ പരിഹാര നടപടികൾ എടുക്കാൻ ഉടനെ ശ്രദ്ധിക്കുമോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഒരു പ്ലാനും പരിപാടിയുമനുസരിച്ചാണ് വനവർക്കാരുടെ ഉദ്ധാരണ നടപടികൾ എടുക്കുന്നത്. അതു കൂടുതൽ ത്വരിതപ്പെടുത്താനും ക്രമീകരിക്കാനും നിർദ്ദേശങ്ങൾ നൽകുന്നതിന് കമ്മറ്റി ഇപ്പോൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) ഇപ്പോഴും ഒരു പദ്ധതിയനുസരിച്ചാണ് നടപടികൾ എടുത്തുകൊണ്ടിരിക്കുന്നത്.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കാർഷികോൽപ്പന്നങ്ങൾ വാങ്ങിക്കൊടുക്കുക, വില്പനയ്ക്ക് സൗകര്യം ധനസഹായങ്ങൾ ചെയ്തുകൊടുക്കുക, സഹകരണസംഘങ്ങൾക്കും മലവഴക്കാരുടെ സ്ഥാപനങ്ങൾക്കും ധനസഹായങ്ങൾ ചെയ്യുക മുതലായവയാണ്.

(ഈ) പരാതിയുണ്ട്.

(എഫ്) ഇതിലേക്കുവേണ്ട പരിഹാര നടപടികൾ അപ്പോഴപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നു.

ചന്തകൾ.

* 508. [47] ശ്രീ. പി. നാരായണൻ പോറ്റി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സ്റ്റേറ്റിലുള്ള ചന്തകളെല്ലാം അതത് പഞ്ചായത്തുകളുടെയോ മുനിസിപ്പാലിറ്റികളുടെയോ കീഴിലാണോ പ്രവർത്തനം നടത്തുന്നത് ;

(ബി) അവയിൽ പബ്ലിക്ക് ചന്തകൾ എത്ര, പ്രൈവറ്റ് ചന്തകൾ എത്ര ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും അതത് അക്കൗണ്ടിലുള്ള എല്ലാ ചന്തകളും അതത് പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും കീഴിലാണ് പ്രവർത്തനം നടത്തുന്നത്.

(ബി) അവയിൽ 367 പബ്ലിക്ക് ചന്തകളും 722 പ്രൈവറ്റ് ചന്തകളും ഉൾപ്പെടുന്നുണ്ട്.

ഗതാഗതദേശവൽക്കരണം.

* 509. [48] ശ്രീ. പി. നാരായണൻപോറ്റി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

ഈ സാമ്പത്തികവർഷത്തിൽ ഏതെങ്കിലും പുതിയ ബസ്സ് റൂട്ട് ദേശവൽക്കരിക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ, ഉണ്ടെങ്കിൽ ഏതെല്ലാം.

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

ഇല്ല. ചോദ്യം ഉദിക്കുന്നില്ല.

രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പാലങ്ങൾ.

* 510. [49] ശ്രീ. പി. ഭാസ്കരൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ ഹൈവേയിൽ അല്ലാതെയുള്ള ഏത്ര വലിയ പാലങ്ങൾ നിർമ്മിക്കുന്നതിന് തിരുവിതാംകൂർ-കൊച്ചി രണ്ടാംപഞ്ചവത്സരപദ്ധതിയനുസരിച്ചു പൊതുമരാമത്തു വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ;

(ബി) അവയ്ക്ക് ആകെ ഉദ്ദേശം എന്തു സംഖ്യ ചെലവാകും ;

LIBRARY ARCHIVES Kerala Legislative Assembly